2024
FEBRUARY
24
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഇന്ത്യയുടെ സ്വന്തം ചാറ്റ് ജിപിടി; ഹനൂമാൻ വരുന്നു

**കൊച്ചി:** നിർമിത ബുദ്ധി ഉപയോഗിച്ച് ഇന്ത്യ ആഭ്യന്തരമായി വികസിപ്പിച്ച ചാറ്റ് ജിപിടി മാതൃകയിലുള്ള സേവനമായ ഹനൂമാൻ മാർച്ചിൽ വിപണിയിലെത്തും. കേന്ദ്രസർക്കാരും റിലയൻസ് ഇൻഡസ്ട്രീസ് ഉടമ മുകേഷ് അംബാനിയും രാജ്യത്തെ മുൻനിര സാങ്കേതിക സ്ഥാപനങ്ങളുമായി ചേർന്ന് രൂപീകരിച്ച ഭാരത് ജിപിടിയാണ് പുതിയ സംവിധാനത്തിൻറെ പിന്നണിയിൽ.

നിർമിത ബുദ്ധിയുടെ വിപണിയിൽ ഇന്ത്യയുടെ വിപണി പങ്കാളിത്തം വർധിപ്പിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഹിന്ദി ഉൾപ്പെടെ വിവിധ പ്രദേശിക ഭാഷകളിൽ വലിയ സമസ്യകൾക്ക് ഉത്തരം നേടാൻ സഹായിക്കുന്ന ഹനൂമാൻറെ മാതൃക കഴിഞ്ഞ ദിവസം മുംബൈയിൽ അവതരിപ്പിച്ചിരുന്നു. ആദ്യഘട്ടത്തിൽ ആരോഗ്യ സേവനം, വിദ്യാഭ്യാസം, ധനകാര്യം, ഗവേണൻസ് എന്നീ മേഖലകളിൽ ഉപയോക്താക്കൾക്ക് 11 ഇന്ത്യൻ ഭാഷകളിൽ ഹാനൂമാനിലൂടെ സംവദിക്കാനാകും. സംഭാഷണങ്ങളെ എഴുത്ത് രൂപത്തിലേക്ക് അതിവേഗം മാറ്റാനും സാധ്യമാകുമെന്ന് ഭാരത് ജിപിടി അവകാശപ്പെടുന്നു.

പൂർണമായും പ്രവർത്തന സജ്ജമാകുമ്പോൾ 22 പ്രാദേശിക ഭാഷകളിൽ സേവനങ്ങൾ ലഭ്യമാകും. ഇതോടൊപ്പം സംഭാഷണങ്ങളെ വിഡിയൊകളാക്കി മാറ്റാനും കഴിയും. ഓപ്പൺ സോഴ്സിൽ ലഭ്യമാകുന്നതിനാൽ ഡെവലപ്പർമാർക്കും ഗവേഷകർക്കും പ്രയോജനപ്പെടുത്താം.

റിലയൻസ് ജിയോയും ഐഐടി ബോംബെ ഉൾപ്പെടെയുള്ള മുൻനിര സാങ്കേതികവിദ്യാ സ്ഥാപനങ്ങളും കേന്ദ്ര സർക്കാരും സംയുക്തമായാണ് ഹനൂമാൻ വികസിപ്പിച്ചത്.

ലോകത്താദ്യമായാണ് പൊതു, സ്വകാര്യ പങ്കാളിത്തത്തിൽ നിർമിത ബുദ്ധിയിലധിഷ്ഠിതമായ സേവനം വികസിപ്പിക്കുന്നത്. നിരവധി ഇന്ത്യൻ കമ്പനികൾ നിർമിത ബുദ്ധിയിലധിഷ്ഠിതമായ സേവനങ്ങൾ ഇറക്കിയിട്ടുണ്ടെങ്കിലും ഹനൂമാൻ വ്യത്യസ്ത മാതൃകയാണ്.

## മുംബൈഅഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ പാത ആദ്യഘട്ടം രണ്ടുവർഷത്തിനുള്ളിൽ, മണിക്കൂറിൽ 320 കിലോമീറ്റർ വേഗത



**മുംബൈ:** മുംബൈഅഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ പാതയുടെ ആദ്യഘട്ടം 2026 ഓഗസ്റ്റിനകം പ്രവർത്തനക്ഷമമാകുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ഗുജറാത്തിലെ സൂറത്തിനും ബിലിമോറയ്ക്കുമിടയിലെ ഭാഗമാണ് തുറന്നുകൊടുക്കുക. 508 കിലോമീറ്ററുള്ള പാതയുടെ നിർമാണപുരോഗതി വിലയിരുത്തിയ ശേഷമാണ് മന്ത്രി ഇക്കാര്യം സ്ഥിരീകരിച്ചത്. മറ്റ് ഭാഗങ്ങൾ ഘട്ടംഘട്ടമായി തുറക്കും.

മണിക്കൂറിൽ 320 കിലോമീറ്റർ വരെ വേഗത്തിൽ ബുള്ളറ്റ് ട്രെയിനുകൾ സഞ്ചരിക്കും. പാതയിൽ എല്ലാ സ്റ്റേഷനുകളിൽ നിർത്തുന്ന ട്രെയിനുകളും ലിമിറ്റഡ് സ്റ്റോപ് ട്രെയിനുകളും സർവീസ് നടത്തും. ലിമിറ്റഡ് സ്റ്റോപ് ട്രെയിനുകൾ മുംബൈക്കും അഹമ്മദാബാദിനും ഇടയിലുള്ള ദൂരം 2 മണിക്കൂറിനുള്ളിൽ പിന്നിടും. മറ്റ് ട്രെയിനുകൾ ഏകദേശം 2 മണിക്കൂർ 45 മിനിറ്റ് എടുത്തേക്കും. ആകെ 12 സ്റ്റേഷനുകളാണ് ഉണ്ടാവുകയെന്നും മന്ത്രി പറഞ്ഞു.

ബികെസി (ബാന്ദ്രകുർള കോംപ്ലക്സ്)ക്കും താനെ ജില്ലയിലെ ശിൽഫാട്ടയ്ക്കും ഇടയിലെ 21 കിലോമീറ്റർ ടണലിന്റെ നിർമാണം ബികെസി, വിക്രോളി, ഘൻസോളി എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ടണലിൽ 7 കിലോമീറ്റർ കടലിന് അടിയിലൂടെയാണ്

ടണലിലൂടെയും മണിക്കൂറിൽ 300320 കിലോമീറ്റർ വേഗത്തിൽ ബുള്ളറ്റ് ട്രെയിൻ സഞ്ചരിക്കും. പദ്ധതി പൂർത്തിയാകുന്നതോടെ മുംബൈ, താനെ, വാപി, സൂറത്ത്, വഡോദര, ആനന്ദ്, അഹമ്മദാബാദ് എന്നീ നഗരങ്ങൾ ഒറ്റ സാമ്പത്തിക മേഖലയായി മാറും. ഇത് വലിയ സാമ്പത്തിക മുന്നേറ്റത്തിന് കളമൊരുക്കുമെന്നും കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു.

നാഷനൽ ഹൈ സ്പീഡ് റെയിൽ കോർപറേഷൻ ലിമിറ്റഡ് (എൻഎച്ച്എസ്ആർസിഎൽ) നിർമിക്കുന്ന പാതയുടെ ആകെ ചെലവ് 1.08 ലക്ഷം കോടി രൂപയാണ്. ഇതിൽ 10,000 കോടി രൂപ കേന്ദ്ര സർക്കാരും 5,000 കോടി രൂപ വീതം ഗുജറാത്തും മഹാരാഷ്ട്രയും നൽകണം. ബാക്കിയുള്ള തുക ജപ്പാനിൽ നിന്നുള്ള വായ്പയാണ്.

## കൊച്ചി കപ്പൽശാല നിർമിച്ച 13ാമത് വാട്ടർ മെട്രോ യാനം കൈമാറി

**കൊച്ചി:** കൊച്ചിൻ ഷിപ്പ്യാർഡ് നിർമിച്ച 13ാമത് വാട്ടർ മെട്രോ യാനം കൊച്ചി വാട്ടർ മെട്രോയ്ക്ക് ജലഗതാഗതത്തിനായി കൈമാറി. കപ്പൽശാലയിൽ നടന്ന ചടങ്ങിൽ കൊച്ചി മെട്രോ, ഷിപ്യാർഡ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ കൊച്ചി മെട്രോയ്ക്ക് വേണ്ടി ചീഫ് ജനറൽ മാനെജർ ഷാജി. പി ജനാർദനനും കൊച്ചിൻ ഷിപ്യാർഡിനു വേണ്ടി ചീഫ് ജനറൽ മാനെജർ എസ്. ഹരികൃഷ്ണനനും കൈമാറ്റ കരാറിൽ ഒപ്പുവച്ചു.

ഇലക്ട്രിക് ഹൈബ്രിഡ് 100 പാക്സ് വാട്ടർ മെട്രൊ ഫെറി ബിവൈ 137 ആണ് ഇന്നലെ ഗതാഗതത്തിനായി കൈമാറിയത്.



പാരിസ്ഥിതിക സൗഹാർദമായ സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുത്ത് ജനങ്ങൾക്ക് അത്യാധുനീക നിലവാരത്തിലുള്ള ഗതാഗത സംവിധാനങ്ങൾ പ്രദാനം ചെയ്യുന്നതിനായി ചേർന്ന് പ്രവർത്തിക്കാൻ ഇരു സ്ഥാപനങ്ങളും പ്രതിജ്ഞാബന്ധരാണെന്ന് കൊച്ചിൻ ഷിപ്യാർഡും കൊച്ചി മെട്രൊ റെയ്ലും സംയുക്തമായി അറിയിച്ചു.

കാര്യക്ഷമവും പരിസ്ഥിതി സൗഹൃദവും സൗകര്യപ്രദവുമായ ഗതാഗത സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനു രൂപകൽപ്പന ചെയ്തിരിക്കുന്ന അത്യാധുനിക യാനമാണിത്.

സുസ്ഥിരതയിലും പാരിസ്ഥിതിക ഉത്തരവാദിത്തത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചിക്കുന്ന ഈ ഫെറി കുറഞ്ഞ മലിനീകരണം ഉറപ്പാക്കുന്നതിനും പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനും ഇലക്ട്രിക് ഹൈബ്രിഡ് സാങ്കേതിക വിദ്യയോടു കൂടിയതാണ്.






# ഡൽഹി മാരത്തൺ നാളെ: പാരിസ് ലക്ഷ്യമിട്ട് താരങ്ങൾ

**ന്യൂഡൽഹി:** പാരിസ് ഒളിമ്പിക്സ് യോഗ്യതാ പ്രതീക്ഷയുമായി ഇന്ത്യയുടെ മുൻനിര താരങ്ങൾ അപ്പോളോ ടയേഴ്സ് ന്യൂഡൽഹി മാരത്തണിന്. ഫെബ്രുവരി 25ന് നടക്കുന്ന ഡൽഹി മാരത്തണിന്റെ ഒമ്പതാം പതിപ്പിൽ 19,000ലേറെ അത്‌ലീറ്റുകളാണ് പങ്കെടുക്കുന്നത്. ആർമി സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ടി ഗോപി (2:13:39), ബി ശ്രീനു (2:14:59), അനീഷ് ഥാപ്പ (2:16:41) എന്നിവർ ദേശീയ റെക്കോഡ് ലക്ഷ്യമിടുന്നു.

ഈ വർഷം നടക്കുന്ന പാരിസ് ഒളിമ്പിക്സ് യോഗ്യതയാണ് മറ്റൊരു ലക്ഷ്യം. 2:08:10 ആണ് ഒളിമ്പിക്സ് യോഗ്യതാ മാർക്ക്. നിർമാബെൻ താക്കോർ (2:47:11), അഷിനി ജാദവ് (2:56:41) എന്നിവരാണ് വനിതകളിലെ പ്രധാനികൾ. മാരത്തണിന്റെ ബ്രാൻഡ് അംബാസിഡർ സോഹ അലി ഖാൻ, ക്രിക്കറ്റ് താരം ഇർഫാൻ പഠാൻ എന്നിവരും മാരത്തണിന് ആവേശം പകരും. അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെയും ഫിറ്റ് ഇന്ത്യയുടെയും മാർഗനിർദേശങ്ങളോടെ എൻഇബി സ്പോർട്സ് ആണ് അപ്പോളോ ടയേഴ്സ് ന്യൂഡൽഹി മാരത്തൺ സംഘടിപ്പിക്കുന്നത്. 289 നഗരങ്ങളിൽ നിന്നും 27 സംസ്ഥാനങ്ങളിൽനിന്നും 19 രാജ്യങ്ങളിൽനിന്നുമുള്ള അത്‌ലീറ്റുകളാണ് ഇതിന്റെ ഭാഗമാകുക. ഫുൾ മാരത്തണിൽ 3000 പേരും, ഹാഫ് മാരത്തണിൽ 7000 പേരും, പത്തായിരം മീറ്ററിൽ 5000 പേരും, അയ്യായിരം മീറ്ററിൽ 4000 പേരും മത്സരിക്കും.



പൊന്നുരുന്നി ശ്രീനാരായണേശ്വരം ക്ഷേത്രത്തിലെ ഉൽസവത്തോടനുബന്ധിച്ചു നടന്ന പകൽപ്പൂരം.



# ധനം ബിഎഫ്എസ് അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** ധനം ബിസിനസ് മീഡിയയുടെ ആഭിമുഖ്യത്തിൽ ബിഎഫ്എസ്ഐ സമിറ്റും അവാർഡ് വിതരണവും കൊച്ചിയിൽ നടന്നു. ബാങ്കിംഗ്, ഇൻഷുറൻസ്, ഫിനാൻസ് മേഖലയിൽ തിളക്കമാർന്ന നേട്ടം കൊയ്തവർക്കുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ വെച്ച് കെ എസ് ഐ ഡി സി ചെയർമാൻ പോൾ ആന്റണി ഐഎഎസ് (റിട്ട.) വിതരണം ചെയ്തു.ധനം എൻബിഎഫ്സി ഓഫ് ദി ഇയർ പുരസ്കാരം മണപ്പുറം ഫിനാൻസിന് ലഭിച്ചു. എൽഐസി (ധനം ലൈഫ് ഇൻഷുറർ ഓഫ് ദി ഇയർ), ദി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി (ധനം ജനറൽ ഇൻഷുറർ ഓഫ് ദി ഇയർ), ബാങ്ക് ഓഫ് മഹാരാഷ്ട്ര ( ധനം പി എസ് യു ബാങ്ക് ഓഫ് ദി ഇയർ), ഐഡിബിഐ ബാങ്ക് (ധനം പ്രൈവറ്റ് സെക്ടർ ബാങ്ക് ഓഫ് ദി ഇയർ), ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് (ധനം എമർജിംഗ് ബാങ്ക് ഓഫ് ദി ഇയർ) എന്നിവരാണ് മറ്റ് അവാർഡ് ജേതാക്കൾ. എൽ ഐ സി മുൻ എംഡി ടി സി സുശീൽ കുമാർ അധ്യക്ഷനായ സമിതിയാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുത്തത്.കോൺഫറൻസിൽ ബാങ്കിംഗ്, ഫിനാൻസ്, ഇൻഷുറൻസ് രംഗത്തെ പ്രമുഖരായ 20 ഓളം പേർ പ്രഭാഷണങ്ങൾ നടത്തി.

# ജീവിതവും ജോലിയും ക്രമീകരിക്കാനാകുന്നില്ല; 34% സ്ത്രീകൾ സ്ഥാപനങ്ങൾ വിടുന്നതായി സർവ്വേ

**കൊച്ചി:** ജീവിതവും ജോലിയും ക്രമീകരിക്കാൻ കഴിയാതെ 34 ശതമാനം സ്ത്രീകൾ ഇന്ത്യയിലെ കോർപ്പറേറ്റ് സ്ഥാപനങ്ങൾ വിടുന്നതായി സർവ്വേ റിപ്പോർട്ട്. രാജ്യത്തെ 73% കോർപ്പറേറ്റ് സ്ഥാപനങ്ങളും ജെൻഡർ വൈവിധ്യ ലക്ഷ്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, അവയിൽ 21% മാത്രമാണ് ലക്ഷ്യങ്ങൾ കൈവരിക്കാൻ സമീപനങ്ങൾ സ്വീകരിക്കുന്നത്. 59% സ്ഥാപനങ്ങളിൽ നിർബന്ധിതമായ ഇന്റേണൽ പരാതി സമിതികൾ ഇല്ല.

37% സ്ഥാപനങ്ങളും പ്രസവാവധി ആനുകൂല്യങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുന്നു. 17.5% സ്ഥാപനങ്ങൾ മാത്രമാണ് ശിശു സംരക്ഷണ സൗകര്യങ്ങൾ നൽകുന്നത്. സെന്റർ ഫോർ ഇക്കണോമിക് ഡാറ്റ ആൻഡ് അനാലിസിസ്,ഗാദ്റെജ് ഡിഇ ലാബ്സ്, അശോക യൂണിവേഴ്സിറ്റി, ദസ്ര എന്നിവയുടെ സഹകരണത്തോടെ ഉദൈതി ഫൗണ്ടേഷൻ തയ്യാറാക്കിയ വിമൻ ഇൻ ഇന്ത്യ ഇൻകോർപ്പറേറ്റഡ് എച്ച്ആർ മാനേജർമാരുടെ സർവേ റിപ്പോർട്ടിലാണ് വെളിപ്പെടുത്തൽ. വിമൻ ഇൻ ഇന്ത്യ ഇൻകോർപ്പറേറ്റഡ് സമ്മിറ്റിൽ റിപ്പോർട്ട് പ്രകാശനം ചെയ്തു.55% സ്ഥാപനങ്ങളും സ്ത്രീകളുടെ പുരോഗതി ഉന്നം വയ്ക്കുന്നതായി പറയുമ്പോഴും ലിംഗ അസമത്വം ഗൗരവമായി കൈകാര്യം ചെയ്യുന്നത് ചെയ്യുന്നത് 37% മാത്രമാണെന്നു സർവ്വേ കണ്ടെത്തുന്നു. നിയമനത്തിലും ലിംഗ പക്ഷപാതമുണ്ട്. ജോലി ജീവിത അസന്തുലിതാവസ്ഥ മൂലം സ്ഥാപനങ്ങൾ വിട്ടുപോകുന്ന പുരുഷന്മാരുടെ നിരക്ക് നാലു ശതമാനം മാത്രമാണെന്നും സർവ്വേ റിപ്പോർട്ട് പറയുന്നു. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധമാണെന്നു ഉദൈതി ഫൗണ്ടേഷൻ സിഇഒ പൂജ ശർമ ഗോയൽ പറഞ്ഞു.

വ്യവസായ പ്രമുഖരെ ഒരേവേദിയിൽ കൊണ്ടുവരാൻ ലക്ഷ്യമിട്ടുള്ള നിർണായക പ്ലാറ്റ്ഫോമാണ് വിമൻ ഇൻ ഇന്ത്യ ഇങ്ക് സമ്മിറ്റ്. തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിലേക്ക് സമ്മിറ്റ് സഹായകമാകുമെന്നും പൂജ ശർമ ഗോയൽ അഭിപ്രായപ്പെട്ടു.

# സൈബർപാർക്ക് സ്പോർട്സ് അരീന ഉദ്ഘാടനം ചെയ്തു



**കോഴിക്കോട്:** സംസ്ഥാനത്തെ ഓരോ വാർഡിലും ഓരോ കളിസ്ഥലങ്ങൾ എന്നതാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കോഴിക്കോട് സൈബർപാർക്കിൽ നിർമ്മിച്ച അത്യാധുനിക സൈബർസ്പോർട്സ് അരീനയുടെ ഉദ്ഘാടനവേളയിൽ ഓൺലൈനിലൂടെ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.സംസ്ഥാന സർക്കാരിൻറെ സമഗ്ര കായികനയം തയ്യാറായിക്കഴിഞ്ഞു. പൗരന്മാരുടെ വ്യായാമത്തിനും ആരോഗ്യപാലനത്തിനും പ്രത്യേക ഊന്നൽ നയം നൽകുന്നുണ്ട്. ഇതിനായി ഓരോ പഞ്ചായത്തിലും ഓരോ കളിസ്ഥലങ്ങൾ എന്നതാണ് നയം വിഭാവനം ചെയ്യുന്നതെങ്കിലും ഓരോ വാർഡിലും ഓരോ കളിസ്ഥലങ്ങൾ സ്ഥാപിക്കാനാണ് ലക്ഷ്യം വയ്ക്കേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു. കായികമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ട് സ്പോർട്സ് ഇക്കോണമി സംസ്ഥാനം രൂപപ്പെടുത്തും. ഇതോടെ ലോകനിലവാരത്തിലുള്ള കായിക സൗകര്യങ്ങൾ സംസ്ഥാനത്ത് വരാൻ പോവുകയാണെന്നും അദ്ദേഹം പറഞ്ഞു.ഐടി ജീവനക്കാരുടെ ആരോഗ്യപരിപാലനം ഏറെ പ്രധാനപ്പെട്ട ഒന്നാണ്. അതിനായി ഇത്തരം സംവിധാനം ഏർപ്പെടുത്തിയ കോഴിക്കോട് സൈബർപാർക്കിനെ മുഖ്യമന്ത്രി അഭിനന്ദിച്ചു.അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഇന്ത്യയുടെ ഐടി കയറ്റുമതി 350 ബില്യൺ ഡോളറിലേക്കെത്തുമെന്നാണ് റിപ്പോർട്ട്. ഇതിൽ സുപ്രധാനപങ്ക് വഹിക്കുന്നത് കേരളമായിരിക്കുമെന്നാണ് എംഎസ്എംഇ ഉന്നതാധികാര സമിതി തയ്യാറാക്കിയ റിപ്പോർട്ടിൽ പറയുന്നത്. ഈ ലക്ഷ്യത്തിലേക്കെത്തുന്നതിനു വേണ്ടി ഐടി മേഖലയിൽ അഞ്ച് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കും. കേരളത്തിലെ സോഫ്റ്റ് വെയർമേഖലയുടെ വളർച്ചയിൽ ഐടി പാർക്കുകൾക്ക് പ്രധാന പങ്കുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. ലോകോത്തര നിലവാരത്തിലുള്ള ജോലി സാഹചര്യമാണ് നമ്മുടെ ഐടി പാർക്കുകൾ പ്രദാനം ചെയ്യുന്നത്. 2016 ൽ 90,000 ഐടി ജീവനക്കാരായിരുന്നു കേരളത്തിലുണ്ടായിരുന്നതെങ്കിൽ ഇന്നത് 80 ശതമാനത്തിലധികം വളർന്ന് 1,70,000 ആയിരിക്കുകയാണ്. രാജ്യത്തിലെ ആകെ ഐടി കയറ്റുമതിയുടെ പത്ത് ശതമാനം കേരളത്തിൽ നിന്നാക്കാനുള്ള പരിശ്രമങ്ങളാണ് സർക്കാർ നടത്തി വരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കൊച്ചിയിൽ ആരംഭിച്ച ടെക്നോളജി ഇനോവേഷൻ സോൺ പൂർണമായി പ്രവർത്തനം തുടങ്ങിയാൽ ഏഷ്യയിലെ ഏറ്റവും വലിയ ടെക് ഇനോവേഷൻ സ്ഥാപനമാകും അത്. എയ്റോ സ്പേസ് മേഖലയിൽ കെസ്പേസ് സ്ഥാപിക്കുന്ന തിരുവനന്തപുരത്ത് മികവിൻറെ കേന്ദ്രം ഉടൻ യാഥാർഥ്യമാകും.ദേശീയ അന്തർദേശീയ കമ്പനികളെ ആകർഷിക്കുന്നതിന് ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ് സെൻററുകൾ, അടിസ്ഥാന സൗകര്യങ്ങൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവ ഐടി പാർക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഐടി പാർക്കുകൾ നേരിട്ടും ഉപസംരംഭകർ വഴിയുമായി 2 കോടി ചതുരശ്രയടി സ്ഥലം കേരളത്തിലുണ്ട്.

നിർദ്ദിഷ്ട തിരുവനന്തപുരം ടെക്നോ സിറ്റിയിൽ ജോലി, പാർപ്പിടം, ഷോപ്പിംഗ്, ആശുപത്രി, വിദ്യാഭ്യാസസ്ഥാപനം തുടങ്ങിയ സമഗ്രമായ സൗകര്യങ്ങളുണ്ടാകും. ദേശീയ പാതയിൽ കണ്ണൂർതിരുവനന്തപും വരെ 20 ചെറുകിട 5ജി ഐടി പാർക്കുകൾ വരാൻ പോവുകയാണ്. 5000 മുതൽ 50000 ചതുരശ്രയടി വിസ്തൃതിയുള്ള ഐടി സ്പേസ് സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കഴിഞ്ഞു.ജീവനക്കാരുടെ ക്ഷേമപദ്ധതികളുടെ ഭാഗമായാണ് സ്പോർട്സ് അരീന തുടങ്ങാൻ സൈബർപാർക്ക് തീരുമാനിച്ചത്.

1017 ചതുരശ്രമീറ്റർ വലുപ്പമുള്ള രണ്ട് ഫൈവ്സ് ഫുട്ബോൾ ടർഫ്, 2035 ചതുരശ്രമീറ്റർ വലുപ്പുമുള്ള സെവൻസ് ഫുട്ബോൾ ടർഫ്, 640 ചതുരശ്ര മീറ്റർ വലുപ്പമുള്ള ബാസ്കറ്റ് ബോൾ ടർഫ്, ഡബിൾസ് കളിക്കാവുന്ന രണ്ട് ഷട്ടിൽ ബാഡ്മിൻറൺ കോർട്ടുകൾ എന്നിവയാണ് സ്പോർട്സ് അരീനയിൽ ഒരുക്കിയിട്ടുള്ളത്.

കോഴിക്കോട് സൗത്ത് എംഎൽഎ അഹമ്മദ് ദേവർകോവിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ മേയർ ബീന ഫിലിപ്പ്, ഐടി സെക്രട്ടറി ഡോ. രത്തൻ യു കേൽക്കർ, സൈബർപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ, നഗരസഭ വാർഡ് കൗൺസിലർ സുരേഷ് കുമാർ ടി, ഒളവണ്ണ പഞ്ചായത്തംഗം പി രാധാകൃഷ്ണനൻ തുടങ്ങിയവർ സംബന്ധിച്ചു.

സൈബർ സ്പോർട്സ് അരീന സംവിധാനം ഐടി കമ്പനികളിലെ ജീവക്കാർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

# 1151.01 കോടി രൂപയുടെ മൂലധന സമാഹരണത്തിനൊരുങ്ങി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** അവകാശ ഓഹരി ഇഷ്യുവിലൂടെ 1151.01 കോടി രൂപയുടെ മൂലധന സമാഹരണം ലക്ഷ്യമിട്ടുള്ള നടപടികളുമായി സൗത്ത് ഇന്ത്യൻ ബാങ്ക്. ഓഹരി ഉടമകൾക്ക് നാലിലൊന്ന് എന്ന അനുപാതത്തിൽ 5,231,85,254 അവകാശ ഓഹരികളാണ് ഇഷ്യൂ ചെയ്യുന്നത്. ഈമാസം 21ന് നടന്ന ബാങ്കിന്റെ ബോർഡ് യോഗത്തിലാണ് അവകാശ ഓഹരി പുറപ്പെടുവിക്കാൻ തീരുമാനിച്ചത്. അവകാശ ഓഹരികളുടെ മുഖവില പ്രീമിയം ഉൾപ്പടെ 22 രൂപ നിരക്കിലാണ് അനുവദിക്കുന്നത്. റെക്കോർഡ് തീയതിയായി നിശ്ചയിച്ചിട്ടുള്ള ഫെബ്രുവരി 27നു കമ്പനിയുടെ രജിസ്റ്ററിൽ പേരുള്ളവർക്കെല്ലാം അവകാശ ഓഹരികൾക്ക് അർഹതയുണ്ടാകും. മാർച്ച് 6ന് ആരംഭിക്കുന്ന ഓഹരി ഇഷ്യൂ മാർച്ച് 20ന് അവസാനിക്കും.



# അമൃതയിൽ ദേശീയ ഓറൽ പാത്തോളജിസ്റ്റ് ദിനം ആഘോഷിച്ചു

**കൊച്ചി:** അമൃത സ്കൂൾ ഓഫ് ഡെൻറിസ് ട്രിയിലെ ഓറൽ പാത്തോളജി വിഭാഗം ദേശീയ ഓറൽ പാത്തോളജിസ്റ്റ് ദിനം ആഘോഷിച്ചു. പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും ദന്തരോഗ വിഷയങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി പോസ്റ്റർ മത്സരം, ക്വിസ് മത്സരം, ഓറൽ പാത്തോളജി ട്രഷർഹണ്ട് തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. വിവിധ മത്സര വിജയികൾക്ക് ഡെൻറൽ കോളേജ് പ്രിൻസിപ്പൽ ഡോ. ബാലഗോപാൽ വർമ്മ സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്തു. എച്ച് ഒ ഡി ഡോ. രാകേഷ് എസ്, പ്രൊഫസർമാരായ ഡോ. മഹിജ ജനാർദ്ദനൻ, ഡോ. വിന്ധ്യ സാവിത്രി, റീഡർ ഡോ. താരാ അരവിന്ദ്, അസിസ്റ്റൻറ് പ്രൊഫസർ ഡോ. ലിഷ മാത്യു എന്നിവരുടെ നേതൃത്വത്തിലായിരുന്നു ദിനാചരണം.

# സിയറ്റ് ഐഎസ്ആർഎൽ ഗ്രാൻഡ് ഫിനാലെക്ക് ഒരുങ്ങി ബെംഗളൂരു

**കൊച്ചി:** സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ്സ് റേസിങ് ലീഗ് (ഐഎസ്ആർഎൽ) ആദ്യ സീസൺ സമാപനത്തിലേക്ക്. ആദ്യ സീസണിലെ മൂന്നാമത്തെയും അവസാനത്തെയും റേസ് ഫെബ്രുവരി 25ന് ബെംഗളൂരിൽ നടക്കും. ലോകത്തിലെ ആദ്യത്തെ ഫ്രാഞ്ചൈസി അടിസ്ഥാനമാക്കിയുള്ള സൂപ്പർക്രോസ്സ് ലീഗിന്റെ അവസാന റൗണ്ട് മത്സരങ്ങൾക്കായി ഒരുങ്ങുകയാണ് ചിക്കജാല എയർപോർട്ട് റോഡിലെ ഡാഷ് സ്ക്വയറിന് എതിർ വശത്തുള്ള ഓപ്പൺ ഗ്രൗണ്ട്. പൂനെയിലെ ശ്രീ ശിവ് ഛത്രപതി സ്പോര്ട്സ് കോംപ്ലക്സും, അഹമ്മദബാദിലെ ഇകെഇ അരീനയുമാണ് യഥാക്രമം ആദ്യ രണ്ട് റൗണ്ട് മത്സരങ്ങൾക്ക് വേദിയായത്.ആറ് ഫ്രാഞ്ചൈസി ടീമുകളും ലോകമെമ്പാടുമുള്ള 48 റൈഡർമാരുമായി ബെംഗളൂരിൽ കടുത്ത മത്സരത്തിനുള്ള തയാറെടുപ്പിലാണ്. 450 സിസി ഇന്റർനാഷണൽ റൈഡേഴ്സ്, 250 സിസി ഇന്റർനാഷണൽ റൈഡേഴ്സ്, 250 സിസി ഇന്ത്യഏഷ്യ മിക്സ്, 85 സിസി ജൂനിയർ ക്ലാസ് എന്നിങ്ങനെ നാലുവിഭാഗങ്ങളിലായാണ് മത്സരങ്ങൾ.പൂനെയിലെയും അഹമ്മദാബാദിലെയും റേസിലൂടെ സൂപ്പർക്രോസ്സിന്റെ ലോകത്ത് ഇന്ത്യ ഒരു ശക്തിയായി ഉയർന്നുവരുന്നതിന് ഞങ്ങള് സാക്ഷ്യം വഹിച്ചെന്ന് സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ്സ് റേസിങ് ലീഗിന്റെ സഹസ്ഥാപകനും ഡയറക്ടറുമായ വീർ പട്ടേൽ പറഞ്ഞു. ബെംഗളൂരിലെ ഗ്രാൻഡ് ഫിനാലെ ഈ ശ്രദ്ധേയമായ യാത്രയുടെ ഒരു ആഘോഷമായി മാറുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# തരംഗ് മേളയ്ക്ക് കൊച്ചിയിൽ തുടക്കം

**കൊച്ചി:** കാർഷിക ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി ഉറപ്പുവരുത്താനും ഇടനിലക്കാരുടെ ചൂഷണങ്ങളിൽ നിന്നും കർഷകരെ സ്വതന്ത്രമാക്കാനും ലക്ഷ്യമിട്ട്, നബാർഡിന്റെ സാമ്പത്തിക സഹകരണത്തോടെ കർഷക ഉത്പാദക സംഘങ്ങൾ (എഫ്പിഒ) സംഘടിപ്പിക്കുന്ന 'തരംഗ്' മേളയ്ക്ക് തുടക്കമായി. ഫെബ്രുവരി 23 മുതൽ 25 വരെ കൊച്ചി റെനൈ കൺവെൻഷൻ സെന്ററിൽ നടക്കുന്ന മേളയുടെ ഉദ്ഘാടനം നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ. ജി. ഗോപകുമാരൻ നായർ നിർവഹിച്ചു.

ജൈവ, പരമ്പരാഗത കാർഷിക വിളകൾ കർഷകരിൽനിന്നും നേരിട്ട് വാങ്ങുന്നതിനുള്ള അവസരമാണ് മേള ഒരുക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വിവിധയിനം കാർഷിക ഉത്പന്നങ്ങളുടെയും കൃഷി അനുബന്ധ സാമഗ്രികളുടെയും 40ഓളം സ്റ്റാളുകളാണ് മേളയിലുള്ളത്. കർഷകന് പരമാവധി വില ഉറപ്പിച്ചുകൊണ്ട്, ഉപഭോക്താവിന് ഗുണമേന്മയുള്ള ഉത്പന്നങ്ങൾ എത്തിക്കുക എന്നതാണ് മേളയുടെ ലക്ഷ്യം.

കർഷകർക്ക് വായ്പാ സഹായങ്ങൾ നൽകുക, ഗവണ്മെന്റ് ആനുകൂല്യങ്ങൾ നേടിക്കൊടുക്കുക, ഇടനിലക്കാരെ ഒഴിവാക്കി ഉത്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പുവരുത്തുക എന്നിവയാണ് കർഷക ഉത്പാദക സംഘങ്ങൾ വഴി വിഭാവനം ചെയ്യുന്നത്. കാർഷിക ഉത്പനങ്ങൾ നേരിട്ട് സംഭരിച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന ഓൺലൈൻ സേവനം കർഷക ഉത്പാദക സംഘങ്ങളുമായി ചേർന്ന് നേരത്തെ കേന്ദ്രസർക്കാർ ആരംഭിച്ചിരുന്നു. ഈ ഓൺലൈൻ സേവനങ്ങളുടെ വിവരങ്ങൾ പൊതുജനങ്ങളിലേക്കെത്തിക്കാനും 'തരംഗ്' മേള ലക്ഷ്യമിടുന്നു.

മേളയിൽ നാടൻ പച്ചക്കറികൾ, ഓർഗാനിക് ടൂത്ത് പൗഡർ, റെഡി ടടു ഈറ്റ് വിഭവങ്ങൾ, വിവിധയിനം മസാലകൾ, കറിപ്പൊടികൾ പ്രകൃതിദത്ത സൗന്ദര്യവർധക ഉത്പന്നങ്ങൾ, എന്നിവയുടെ സ്റ്റാളുകളാണ് സജ്ജീകരിച്ചിട്ടുള്ളത്. പ്രവേശനം സൗജന്യം.



# മനുഷ്യന് ലഭിച്ച സിദ്ധികളിൽ വിശിഷ്ടം സാഹിത്യം: പ്രൊഫ. എം.കെ സാനു

**കൊച്ചി** :മനുഷ്യ വർഗ്ഗത്തിന് നാളിതുവരെയും ലഭിച്ച സിദ്ധികളിൽ വച്ച് വിശിഷ്ടമായത് അവന്റെ സാഹിത്യമാണ്. കവിതയാണ് മനുഷ്യന് ലഭിച്ച ഏറ്റവും വലിയ സിദ്ധി എന്ന് വിശ്വസിക്കുന്ന കവിയാണ് കുമാരനാശാൻ എന്ന് പ്രൊഫ. എം. കെ സാനു അഭിപ്രായപ്പെട്ടു.

ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച കുമാരനാശാൻ ശതാബ്ദി വർഷം സ്. സ്നേഹ ഗായകന് സ്മരണാഞ്ജലി ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ. ആമുഖാവതരണം നടത്തി. സംഗീത സംവിധായകൻ ശ്രീവത്സൻ ജെ. മേനോൻ മുഖ്യാഥിതി ആയിരുന്നു.

ഉദാത്ത മായ ഒരു കവിയാണ് കുമാരനാശാൻ എന്നും ഗുരുസ്ഥാനത്തു നിൽക്കുന്നവർ മാർഗദർശികളാകുന്നത് അവരുടെ ജീവിതം തന്നെ കാണിച്ചു തരുമ്പോഴാണ് എന്ന് ശ്രീവത്സൻ ജെ. മേനോൻ അഭിപ്രായപ്പെട്ടു.

പെറ്റൽസ് ഗ്ലോബ് ഫൌണ്ടേഷൻ ചീഫ് കോർഡിനേറ്റർ സനു സത്യൻ ആശംസകളർപ്പിച്ചു. കുമാരനാശാന്റെ ദുരവസ്ഥ എന്ന കവിതയെ അധികരിച്ച് മാസ്റ്റർ അഭിഷേക് എം. ജെ. ലഘു കഥപ്രസംഗം നടത്തി. കാവ്യഞ്ജലി ആശയവതരണം, ആശാൻ കവിതകളുടെ ആലാപനം ടി. പി. വിവേകും സംഘവും അവതരിപ്പിച്ചു.




# വിനോദസഞ്ചാരികൾക്കായി അഞ്ച് വർഷത്തെ മൾട്ടിപ്പിൾ എൻട്രി വിസയുമായി ദുബായ്

**ദുബായ്:** സുസ്ഥിരമായ സാമ്പത്തിക സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും ടൂറിസം, ബിസിനസ് ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇന്ത്യക്കാർക്കായി ദുബായ് അഞ്ച് വർഷത്തെ മൾട്ടിപ്പിൾ എൻട്രി വിസ അവതരിപ്പിക്കുന്നു.

അപേക്ഷ സ്വീകരിച്ച് രണ്ട് മുതൽ അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ നൽകുന്ന വിസ, 90 ദിവസത്തേക്ക് രാജ്യത്ത് തുടരാൻ അനുവദിക്കുന്നു. സമാനമായ കാലയളവിലേക്ക് ഒരിക്കൽ നീട്ടാം എന്നാൽ മൊത്തം താമസം 180 ദിവസത്തിൽ കൂടരുത്. ഒരു വർഷത്തിനുള്ളിൽ. ഈ സുപ്രധാന സംരംഭത്തിലൂടെ, വിനോദസഞ്ചാരികൾക്ക് ഒന്നിലധികം എൻട്രികളും എക്സിറ്റുകളും പ്രയോജനപ്പെടുത്താൻ കഴിയും. കൂടുതൽ ബിസിനസുകാരെയും വിനോദ സഞ്ചാരികളെയും ദുബായിലേക്ക് കൊണ്ടുവരുവാൻ ആണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

ഇന്ത്യയുമായുള്ള ദീർഘകാല ബന്ധത്തെ ദുബായ് വിലമതിക്കുന്നു, 2023 ൽ ഇന്ത്യയിൽ നിന്നുള്ള ഞങ്ങളുടെ ഇൻബൗണ്ട് സന്ദർശനം മികച്ചതായിരുന്നു, ഇത് ഞങ്ങളുടെ ടൂറിസം മേഖലയുടെ റെക്കോർഡ് പ്രകടനത്തിന് സംഭാവന നൽകി. ദുബായുടെ ഒരു പ്രധാന വിപണി എന്ന നിലയിൽ ഇന്ത്യ അവിഭാജ്യ പങ്ക് വഹിക്കും. ബിസിനസ്, നിക്ഷേപം, വിനോദസഞ്ചാരം എന്നിവയുടെ കേന്ദ്രമെന്ന നിലയിൽ ദുബായിയുടെ സ്ഥാനം കൂടുതൽ ദൃഢമാക്കിക്കൊണ്ട് D33 അജണ്ടയുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഞങ്ങളെ പ്രാപ്തരാക്കുന്നു.

അഞ്ചുവർഷത്തെ മൾട്ടിപ്പിൾ എൻട്രി വിസ സംരംഭം ഇന്ത്യയുമായുള്ള ഞങ്ങളുടെ നിലവിലുള്ള ബന്ധം കൂടുതൽ ആഴത്തിലാക്കുന്നതിനുള്ള തന്ത്രപരമായ ചുവടുവെപ്പിനെ സൂചിപ്പിക്കുന്നു.' ദുബായ് ഇക്കണോമി ആൻഡ് ടൂറിസം ഡിപ്പാർട്ട്മെന്റ് പ്രോക്സിമിറ്റി മാർക്കറ്റ്സ് റീജണൽ ഹെഡ് ബദർ അലി ഹബീബ് പറഞ്ഞു.

ദുബായ് ഇക്കണോമി ആൻഡ് ടൂറിസം വകുപ്പിന്റെ കണക്ക് പ്രകാരം ഇന്ത്യയിൽ നിന്നുള്ള സഞ്ചാരികളും ബിസിനസുകാരുമാണ് ദുബായ് സന്ദർശിക്കുന്നതിൽ മുന്നിൽ നിൽക്കുന്നത്.

അവരുടെ ഏറ്റവും പുതിയ കണക്ക് പ്രകാരം 2023 ജനുവരി മുതൽ ഡിസംബർ വരെ ഇന്ത്യയിൽ നിന്ന് 2.46 ദശലക്ഷം സന്ദർശകരെ ദുബായ് സ്വാഗതം ചെയ്തു. ഇത് 2022 ലെ 1.84 ദശലക്ഷം വിനോദ സഞ്ചാരികളിൽ നിന്ന് ഗണ്യമായ വർദ്ധനവ് അടയാളപ്പെടുത്തുന്നു. ഇന്ത്യൻ വിനോദസഞ്ചാരികളുടെ ഈ ശക്തമായ ഒഴുക്ക് 2023 ലെ ദുബായുടെ റെക്കോർഡ് ബ്രേക്കിംഗ് ടൂറിസം പ്രകടനത്തിന് ഗണ്യമായ സംഭാവന നൽകി.

# എസ്ആർഎസ്എക്സ്വി500 പോർട്ടബിൾ പാർട്ടി സ്പീക്കറുമായി സോണി




**കൊച്ചി:** സോണി ഇന്ത്യ, ഇന്ത്യൻ ഉപഭോക്താക്കൾക്കായി പ്രത്യേകം രൂപകൽപന ചെയ്ത പുതിയ പോർട്ടബിൾ പാർട്ടി സ്പീക്കർ എസ്ആർഎസ്എക്സ്വി500 വിപണിയിൽ അവതരിപ്പിച്ചു. ഉയർന്ന നിലവാരമുള്ള ശബ്ദവും, ബിൽറ്റ് ഇൻ ലൈറ്റിങ്ങും, ദീർഘ സമയം നിൽക്കുന്ന ബാറ്ററിയുമാണ് പുതിയ മോഡലിന്റെ പ്രത്യേകത. പാർട്ടി അനുഭവം മികച്ചതാക്കുന്ന മറ്റു നിരവധി സവിശേഷതകളും എസ്ആർഎസ്എക്സ്വി500ൽ സജ്ജീകരിച്ചിട്ടുണ്ട്.

25 മണിക്കൂർ നീണ്ടുനിൽക്കുന്ന ബാറ്ററിയാണ് ഈ പാർട്ടി സ്പീക്കറിന്. പത്ത് മിനിറ്റ് ചാർജിങ്ങിൽ രണ്ടര മണിക്കൂർ വരെ പ്ലേയിങ് ടൈമും ലഭിക്കും. റിയർ പാനലിലെ എക്കോ, കീ കൺട്രോൾ എന്നിവയ്ക്കൊപ്പം കരോക്കെ, ഗിറ്റാർ ഇൻപുട്ട് ഉപയോഗിച്ച് ഉപഭോക്താക്കളെ സ്വയം പാടുന്നതിനും ഈ മോഡൽ സഹായിക്കും. പാർട്ടിയെ കൂടുതൽ ആവേശത്തിലാക്കാൻ ഫിയസ്റ്റബിൾ മൊബൈൽ ആപ്പ് ഉപയോഗിച്ച് ഇഷ്ടാനുസൃതമാക്കാവുന്ന ആംബിയന്റ് ലൈറ്റിങ് ഫീച്ചറാണ് ഇതിലുള്ളത്.പുതുതായി ചേർത്ത എളുപ്പത്തിൽ ഉപയോഗിക്കാവുന്ന യുഐ ടച്ച് പാനൽ വഴി മോഡുകൾ, ക്രമീകരണങ്ങൾ, ലൈറ്റിങ് എന്നിവയുടെ നിയന്ത്രണം ഏറ്റെടുക്കാം. സ്മാർട്ട്ഫോണുകൾ പ്ലേ ചെയ്യാനും ചാർജ് ചെയ്യാനും യുഎസ്ബി കണക്റ്റിവിറ്റിയാണ് മറ്റൊരു വാഗ്ദാനം. ഐപിഎക്സ്4 റേറ്റിങ്ങുള്ള സ്പ്ലാഷ് പ്രൂഫ്, സോണി മ്യൂസിക് സെൻററും ഫിസ്റ്റബിൾ ആപ്പുകളും ഉപയോഗിച്ചുള്ള റിമോട്ട് കൺട്രോൾ, പരിസ്ഥിതി സൗഹൃദ ഡിസൈൻ എന്നിവയാണ് മറ്റു സവിശേഷതകൾ.2024 ഫെബ്രുവരി 23 മുതൽ സോണി റീട്ടെയിൽ സ്റ്റോറുകളിൽ (സോണി സെൻറർ, സോണി എക്സ്ക്ലൂസീവ്), ഠഠഠ.ടവീുമടേജ.ീാ പോർട്ടൽ, പ്രധാന ഇലക്ട്രോണിക് സ്റ്റോറുകൾ, മറ്റ് ഇകൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവയിൽ എസ്ആർഎസ്എക്സ്വി500 പാർട്ടി സ്പീക്കർ ലഭ്യമാകും. 1,990 രൂപയാണ് വില.

# 3000 പേരെ ഒരേസമയം കിടത്തി ചികിൽസയുമായി ആസ്റ്റർ ഹോസ്പിറ്റൽസ്

**കൊച്ചി:** സംസ്ഥാനത്തെ ആരോഗ്യസേവന മേഖലയിൽ മുൻനിരയിലുള്ള ആസ്റ്റർ ഹോസ്പിറ്റൽസ് പുതിയ വികസനപദ്ധതികൾ പ്രഖ്യാപിച്ചു. അടുത്ത രണ്ട് വർഷത്തിനുള്ളിൽ കേരളത്തിൽ മൂവായിരത്തിലേറെ രോഗികളെ ഒരേ സമയം കിടത്തി ചികിൽസിക്കാൻ കഴിയുന്ന തരത്തിൽ ആശുപത്രികൾ വിപുലീകരിക്കും. അതോടെ കേരളത്തിലെ ഏറ്റവും വലിയ ആശുപത്രി ശൃംഖലയെന്ന ഖ്യാതി ഒരിക്കൽ കൂടി ആസ്റ്റർ ഹോസ്പിറ്റൽസ് ഊട്ടിയുറപ്പിക്കും.കേരളത്തിലെ ഈ പുതിയ വികസനപദ്ധതികൾക്കായി 1000 കോടി രൂപയുടെ നിക്ഷേപമാണ് കരുതിയിരിക്കുന്നത്.2025 ൽ 350 ബെഡ്ഡുകളുള്ള പുതിയ ആസ്റ്റർ ഹോസ്പിറ്റൽ കാസർഗോഡ് പ്രവർത്തനം തുടങ്ങും. തിരുവനന്തപുരത്ത് നിർമിക്കുന്ന ആശുപത്രിയിൽ 500 കിടക്കകളും ഉണ്ടായിരിക്കും. 2026ൽ തലസ്ഥാനത്തെ ആശുപത്രി പ്രവർത്തനമാരംഭിക്കും. ഇവയ്ക്ക് പുറമെ കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റിയിലും കണ്ണൂരും കോഴിക്കോടും കോട്ടയ്ക്കലുമുള്ള ആസ്റ്റർ മിംസ് ആശുപത്രികളിലും 100 കിടക്കകൾ വീതം കൂടുതലായി ഉൾപ്പെടുത്തും. കേരളത്തിലെ ആരോഗ്യരംഗത്ത് ദിനംപ്രതി വർധിച്ചു വരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഈ വികസനപദ്ധതികൾ വലിയ പങ്കുവഹിക്കും. കൂടാതെ സ്വന്തം പ്രവർത്തനത്തിന് ആവശ്യമായ ഊർജത്തിന്റെ 80 ശതമാനവും സൗരോർജത്തിൽ നിന്ന് സ്വയം നിർമിക്കുന്ന പദ്ധതിയ്ക്കും കേരളത്തിലെ ആസ്റ്റർ ഹോസ്പിറ്റൽസ് തുടക്കമിടുന്നു. ഇതാദ്യമായാണ് സംസ്ഥാനത്ത് ഒരാശുപത്രി ശൃംഖല ഇത്രയും വലിയ തോതിൽ സൗരോർജം ഉത്പാദിപ്പിക്കാൻ മുന്നിട്ടിറങ്ങുന്നത്.

ഇക്കാലയളവിൽ കേരളത്തിൽ മാത്രം ആസ്റ്റർ ഹോസ്പിറ്റൽസിലൂടെ ആരോഗ്യസേവന രംഗത്ത് അയ്യായിരം തൊഴിലവസരങ്ങൾ ലഭ്യമാകും. കഴിവും വൈദഗ്ധ്യവുമുള്ള യുവാക്കൾ അവസരങ്ങൾ തേടി രാജ്യം വിട്ടുപോകുന്നതിന് പകരം നാട്ടിൽ തന്നെ അവർക്ക് ആവശ്യമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സർക്കാർ ശ്രമങ്ങൾക്ക് ഇത് ശക്തി പകരും. നിലവിൽ വിവിധ വിഭാഗങ്ങളിലായി 15,000 ലധികം പേർ കേരളത്തിലെ ആസ്റ്റർ ഹോസ്പിറ്റലുകളിൽ ജോലി ചെയ്യുന്നുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ സാന്നിധ്യമുറപ്പിക്കുന്നതിനുള്ള ശ്രമങ്ങളും ആസ്റ്റർ തുടങ്ങിക്കഴിഞ്ഞു. കേരളത്തിലങ്ങോളമിങ്ങോളം 175 ആസ്റ്റർ ലാബുകളും 86 ഫാർമസികളും നിലവിലുണ്ട്. അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ ഈ സംഖ്യ 250 ആയി ഉയർത്തും. ആസ്റ്ററിന്റെ ഡിജിറ്റൽ ഹെൽത്ത്കെയർ, ഹോം കെയർ എന്നീ സംവിധാനങ്ങളും കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കും.

കേരളത്തിന്റെ വിവിധ മേഖലകളിലേക്ക് ആരോഗ്യസേവനങ്ങൾ എത്തിച്ച്, എല്ലാവർക്കും ഉന്നതനിലവാരമുള്ള ചികിത്സലഭ്യമാക്കാനുള്ള ശ്രമമാണ് ആസ്റ്ററിന്റെയെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു. കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റിയുടെ വിശാലമായ 40 ഏക്കർ കാമ്പസിൽ ഫിസിക്കൽ മെഡിസിനും പുനരധിവാസത്തിനും പ്രത്യേക ബ്ലോക്കുകൾ നിർമിക്കാൻ തീരുമാനിച്ചതായും ഫർഹാൻ യാസിൻ പറഞ്ഞു. കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു . കേരളത്തിൽ വിവിധയിടങ്ങളിൽ സ്ഥിതി ചെയ്യുന്ന 15 ആശുപത്രികളിൽ ആസ്റ്റർ മെഡ്സിറ്റിയുടെ വിവിധ വിഭാഗങ്ങളുടെ സേവനം പ്രത്യേകം ലഭ്യമാണ്. ഇതിൽ മൂന്ന് അത്യാഹിതവിഭാഗങ്ങളും ഉൾപ്പെടുന്നു. ഇത് വരും വർഷങ്ങളിൽ കൂടുതൽ ആശുപത്രികളിലേക്ക് വിപുലീകരിക്കും.

അടുത്തിടെ ബ്രിട്ടനിലുള്ള എൻ.എച്ച്.എസ് ഹംബർ ആൻഡ് നോർത്ത് യോർക്ക്ഷെയറുമായി ആസ്റ്റർ മെഡ്സിറ്റി കരാറൊപ്പിട്ടത് സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ വലിയ വാർത്തയായിരുന്നു. ബ്രിട്ടീഷ് ആരോഗ്യവകുപ്പുമായി സഹകരിച്ച് ഇന്ത്യയിലെ ഡോക്ടർമാർക്കും ആശുപത്രി ജീവനക്കാർക്കും ലോകോത്തര നിലവാരമുള്ള പരിശീലനവും അക്കാദമിക വളർച്ചയും ലഭ്യമാക്കുന്ന പരിപാടിയാണിത്. ആസ്റ്റർ മെഡ്സിറ്റിയിൽ പരിശീലനം നേടുന്ന ഡോക്ടർമാർക്ക് പ്രൊഫഷണൽ ആൻഡ് ലിംഗ്വിസ്റ്റിക് അസസ്മെന്റ് ബോർഡിന്റെ കടമ്പയില്ലാതെ തന്നെ നേരിട്ട് യുകെയിലുള്ള തെരെഞ്ഞെടുത്ത എൻ.എച്ച്.എസ് ആശുപത്രികളിൽ ജൂനിയർ, സീനിയർ തസ്തികകളിൽ ജോലിക്ക് പ്രവേശിക്കാം.വിദേശികൾക്കിടയിൽ കേരളത്തെ ഒരു മെഡിക്കൽ ടൂറിസം ഹബ്ബാക്കി മാറ്റുന്നതിൽ ആസ്റ്റർ ഹോസ്പിറ്റൽസ് വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇതിൽ കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റി കൈവരിച്ച നേട്ടങ്ങൾ എടുത്തുപറയേണ്ടതാണെന്ന് ആസ്റ്റർ മെഡ്സിറ്റി ഹെഡ് ഓഫ് ഓപ്പറേഷൻസ് ധന്യ ശ്യാമളൻ പറഞ്ഞു.



# തലശ്ശേരി മാഹി ബൈപാസ് കടക്കാൻ കാറിന് ടോൾ 65; ബസ്, ലോറി 225 രൂപ

**കണ്ണൂർ:** തലശ്ശേരി  മാഹി ബൈപാസിലൂടെയുള്ള യാത്രയ്ക്കു വാഹനങ്ങൾ നൽകേണ്ട ടോൾ !നിരക്കുകൾ ദേശീയപാതാ അതോറിറ്റി നിശ്ചയിച്ചു. ബൈപാസ് കടക്കാൻ കാർ, ജീപ്പ്, വാൻ തുടങ്ങിയ ചെറു സ്വകാര്യവാഹനങ്ങൾക്ക് 65 രൂപയാണു നിരക്ക്. ഇരുവശത്തേക്കും ഒരേ ദിവസം യാത്ര ചെയ്യുകയാണെങ്കിൽ 100 രൂപ മതിയാകും. 50 യാത്രകൾക്ക് 2195 രൂപ എന്ന തരത്തിൽ പ്രതിമാസ നിരക്കും ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലയിൽ റജിസ്റ്റർ ചെയ്ത ടാക്സി വാഹനങ്ങൾക്ക് 35 രൂപയാണ് ഒരു യാത്രയ്ക്കുള്ള നിരക്ക്. മിനി ബസുകൾക്കും ചെറു വാണിജ്യ വാഹനങ്ങൾക്കും ഒരു വശത്തേക്കുള്ള യാത്രയ്ക്ക് 105 രൂപയും ഒരേ ദിവസം ഇരുവശത്തേക്കുമുള്ള യാത്രയ്ക്ക് 160 രൂപയുമാണു നിരക്ക്.

ബസുകൾക്കും ലോറിക്കും ഒരു വശത്തേക്ക് 225 രൂപയും ഒരേ ദിവസം ഇരുവശത്തേക്കും യാത്ര ചെയ്യാൻ 335 രൂപയും നൽകണം. 8105 രൂപയ്ക്കു പ്രതിമാസ പാസും ലഭ്യമാണ്. 3 ആക്സിൽ വാഹനങ്ങൾക്ക് 245 രൂപയും ഇരുവശത്തേക്കും 355 രൂപയും 4 മുതൽ 6 വരെ ആക്സിലുള്ള വാഹനങ്ങൾക്ക് ഒരു വശത്തേക്ക് 350 രൂപയും ഇരുവശത്തേക്ക് 5425 രൂപയും നൽകണം. 7 ആക്സിലിനു മുകളിലുള്ള വാഹനങ്ങൾക്ക് ഒരു വശത്തേക്ക് 425 രൂപയും ഇരുവശത്തേക്കും 640 രൂപയുമാണു നിരക്ക്. ടോൾ പ്ലാസയുടെ 20 കിലോമീറ്റർ പരിധിയിലെ താമസക്കാരുടെ സ്വകാര്യ വാഹനങ്ങൾക്ക് 330 രൂപ നിരക്കിൽ പ്രതിമാസ പാസ് നൽകും.

ഉത്തരേന്ത്യയിൽനിന്നുള്ള സ്ഥാപനത്തിനാണു ടോൾ പിരിക്കാനുള്ള കരാർ ലഭിച്ചിരിക്കുന്നത്. ബാലം പാലത്തിനും പള്ളൂർ സ്പിന്നിങ് മിൽ ജംക്ഷനും ഇടയിൽ കൊളശ്ശേരിക്കു സമീപമാണു ടോൾ പ്ലാസ സജ്ജമാക്കിയിരിക്കുന്നത്. റോഡിന്റെ ഇരുവശത്തും രണ്ടു വരികളായി വാഹനങ്ങൾക്കു കടന്നുപോകാവുന്ന വിധത്തിലാണു ടോൾ പ്ലാസയിലെ ക്രമീകരണം. ഫാസ്റ്റ് ടാഗ് സംവിധാനം വഴിയാണു ടോൾ അടയ്ക്കേണ്ടത്.

ദേശീയപാതയിൽ 60 കിലോമീറ്ററിൽ ഒരിടത്തു മാത്രമേ ടോൾ പിരിവ് ഉണ്ടാകൂ എന്നതാണു കേന്ദ്ര നയം. ദേശീയപാത 66ന്റെ നവീകരണം പൂർത്തിയാകുന്നതോടെ കല്യാശ്ശേരിയിൽ ടോൾ പ്ലാസ തുറക്കും. അതോടെ തലശ്ശേരി മാഹി ബൈപാസിലെ ടോൾ പ്ലാസ ഒഴിവാക്കും. വടകരയ്ക്കു സമീപം മുക്കാളിയിലും ദേശീയപാത 66ൽ ടോൾ പ്ലാസ വരുന്നുണ്ട്. ഭാവിയിൽ ടോൾ പ്ലാസകൾ തന്നെ ഒഴിവാക്കാനും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ആലോചിക്കുന്നുണ്ട്. ഓട്ടമാറ്റിക് നമ്പർ പ്ലേറ്റ് റീഡർ ക്യാമറകൾ ഉപയോഗിച്ചു ദേശീയപാതയിലൂടെ സഞ്ചരിച്ച ദൂരത്തിനു മാത്രം തുക ഈടാക്കുന്ന സംവിധാനമാണു നടപ്പാക്കുക.




## കാലിക്കറ്റ് ഹീറോസിന് രണ്ടാംജയം

**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 മൂന്നാം സീസണിൽ  കാലിക്കറ്റ് ഹീറോസിന് തുടർച്ചയായ രണ്ടാംജയം. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന കളിയിൽ ഡൽഹി തൂഫാൻസിനെ നേരിട്ടുള്ള സെറ്റുകൾക്ക് കീഴടക്കി. സ്കോർ: 15,8, 15,13, 16,14. ജെറൊം വിനീതാണ് കളിയിലെ താരം.

ആദ്യ ഘട്ടത്തിൽ ഡൽഹിക്കായിരുന്നു മുൻതൂക്കം. എന്നാൽ ഡാനിയൽ മൊയതായേദിയുടെ തകർപ്പൻ പ്രകടനം കാലിക്കറ്റിന് ഊർജം നൽകി. ജെറൊം വിനീതിന്റെ സ്പൈക്കുകൾ ഡൽഹിയെ ചിതറിച്ചു. ഡാനിയൽ അപോൺസിയിലൂടെ ഡൽഹി തിരിച്ചുവരാൻ ശ്രമിച്ചെങ്കിലും കാലിക്കറ്റ് വിട്ടുകൊടുത്തില്ല.

അവസാന സെറ്റിൽ ഉക്രപാണ്ഡ്യന്റെ തന്ത്രപരമായ സർവീസ് ഡൽഹിയുടെ താളം തെറ്റിച്ചു. ആദ്യ കളിയിൽ കൊച്ചി ബ്ലൂ സ്പൈക്കേഴ്സിനെയാണ് കാലിക്കറ്റ് തോൽപ്പിച്ചത്.  ഇന്ന് വിശ്രമദിനമാണ്. നാളെ കൊൽക്കത്ത തണ്ടർബോൾട്സുമായി കാലിക്കറ്റ് കളിക്കും. രണ്ടാം മത്സരത്തിൽ കൊച്ചി മുംബൈ മിറ്റിയോഴ്സിനെ നേരിടും.

## കെകെ റോഡിലെ ആദ്യ ഗ്രീൻഫീൽഡ് ബൈപാസ് കാഞ്ഞിരപ്പള്ളിയിൽ; നിർമാണം തുടങ്ങുന്നു

**കാഞ്ഞിരപ്പള്ളി:** കാസർകോട്  തിരുവനന്തപുരം ആറുവരി പാതയുടെ നിർമാണം 2025ൽ പൂർത്തിയാക്കുമെന്നു മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു.

കാഞ്ഞിരപ്പള്ളി ബൈപാസിന്റെ നിർമാണ ഉദ്ഘാടനം ഓൺലൈനിൽ നിർവഹിക്കുകയായിരുന്നു റിയാസ് . കേരളത്തിലെ പശ്ചാത്തല മേഖലയിൽ വൻ കുതിച്ചുചാട്ടമാണു കഴിഞ്ഞ ഏഴര വർഷം കൊണ്ടു സാധ്യമായതെന്നും റിയാസ്  പറഞ്ഞു.

13 ജില്ലകളിൽ കൂടി കടന്നു പോകുന്ന 1200 കിലോമീറ്റർ മലയോര ഹൈവേ, 9 ജില്ലകളിൽ കൂടി കടന്നു പോകുന്ന 600 കിലോമീറ്റർ തീരദേശ ഹൈവേ എന്നിവ യാഥാർഥ്യമാകാൻ പോകുന്നു. ദേശീയപാതകളും, സംസ്ഥാന പാതകളും ഗ്രാമീണ മേഖലകളിലെ പൊതുമരാമത്ത് റോഡുകളും നവീകരിക്കപ്പെടുകയാണ്.

# പൊട്ടിയ ടൈലുകളുടെ പുനരുപയോഗവുമായി സോമാനി ടൈൽസ്

**കൊച്ചി:** ടൈൽ വ്യവസായത്തിലെ പ്രമുഖരായ സോമാനി സെറാമിക്സ് ലിമിറ്റഡ് ദേശീയ ടൈൽസ് ദിനമായ 2024 ഫെബ്രുവരി 23നു പാഴ് ടൈലുകളിൽ അന്തർലീനമായ കലാപരമായ സാധ്യതകൾ കണ്ടെത്തുന്നതിനും രൂപകൽപ്പനയിലെ സുസ്ഥിരത പ്രോത്സാഹിപ്പിക്കുന്നതിനുമായി തിരുവനന്തപുരം ആർക്കിടെക്ചർ കോളേജ് വിദ്യാർത്ഥികളുമായി സഹകരിച്ചു കൊണ്ട് 'ട്രാൻസ്ഫോർമിംഗ് ബ്രോക്കൺ ടൈൽ ഇൻ സ്റ്റൈൽ' ഒരു പരിപാടി അവതരിപ്പിച്ചു.



തകർന്ന ടൈലുകളെ അതിശയിപ്പിക്കുന്ന മൊസൈക്കുകളായി പുനർനിർമ്മിച്ചുകൊണ്ട്  അവയുടെ സൃഷ്ടിപരമായ സാധ്യതകൾ പ്രദർശിപ്പിക്കുക എന്ന ലക്ഷ്യം വച്ചുള്ളതാണ് ഈ പരിപാടി. ഇതിന്റെ ഭാഗമായി 20ലധികം വാസ്തുവിദ്യാ വിദ്യാർത്ഥികൾ അവരുടെ സർഗ്ഗാത്മകതയും വൈദഗ്ധ്യവും ഉപയോഗിച്ച് പാഴ് ടൈലുകൾ കൊണ്ടുള്ള ഏകദേശം 8 മുതൽ 10 അടി വരെ ഉയരത്തിൽ ഒരു അതിശയകരമായ കലാസൃഷ്ടി കോളേജ് കാമ്പസിനുള്ളിൽ സ്ഥാപിച്ചു.ടൈൽ വ്യവസായത്തിൽ സുസ്ഥിരതയും നവീകരണവും പ്രോത്സാഹിപ്പിക്കുന്നതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. വസ്തുക്കളുടെ പുനരുപയോഗം വഴി, നമുക്ക് മാലിന്യങ്ങൾ കുറയ്ക്കാനും അത് വഴി പരിസ്ഥിതി ആഘാതം കുറയ്ക്കാനും കഴിയും. വിദ്യാർത്ഥികൾ സൃഷ്ടിച്ച നൂതനമായ ഡിസൈനുകൾ ഞങ്ങളെ ആവേശഭരിതരാക്കുന്നുവെന്ന് സോമാനി സെറാമിക്സിന്റെ മാർക്കറ്റിംഗ് മേധാവി അൻഷുമാൻ ചക്രവർത്തി ഈ സംരംഭത്തെക്കുറിച്ചുള്ള തന്റെ ചിന്തകൾ പങ്കുവെച്ചു.ദേശീയ ടൈൽസ് ദിനം ആഘോഷിക്കുന്നതിനായി ഞങ്ങൾ സോമാനി സെറാമിക്സ് ലിമിറ്റഡുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

ഈ സഹകരണം സ്ക്രാപ്പ് ടൈലുകൾ സർഗ്ഗാത്മക കലാസൃഷ്ടികളാക്കി പുനർനിർമ്മിച്ചുകൊണ്ട് സുസ്ഥിരമായ രൂപകൽപ്പനയെ പ്രോത്സാഹിപ്പിക്കുന്നുവെന്ന് സിഎടി ഡയറക്ടർ ജയകുമാർ പറഞ്ഞു.

പുനർനിർമ്മിക്കാനും ക്രിയാത്മകമായി ഉപയോഗിക്കാനും കഴിയുന്ന മൂല്യവത്തായ വിഭവങ്ങളെന്ന നിലയിൽ തകർന്ന ടൈലുകളുടെ സാധ്യതയെക്കുറിച്ച് അവബോധം വളർത്തുകയാണ് 'ട്രാൻസ്ഫോർമിംഗ് ബ്രോക്കൺ ടൈൽ ഇൻ സ്റ്റൈൽ' ലക്ഷ്യമിടുന്നത്.

മൊസൈക് കലയുടെ വൈദഗ്ധ്യവും സൗന്ദര്യവും പ്രദർശിപ്പിച്ചുകൊണ്ട്, സോമാനി സെറാമിക്സും കോളേജ് ഓഫ് ആർക്കിടെക്ചർ തിരുവനന്തപുരവും നിർമ്മാണനവീകരണ പദ്ധതികളിൽ സുസ്ഥിരമായ സമീപനം സ്വീകരിക്കാൻ ഉപഭോക്താക്കളെ പ്രചോദിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.



# അന്താരാഷ്ട്രാ നാസിക സൗന്ദര്യ ശസ്ത്രക്രിയ ശിൽപ്പശാല ആരംഭിച്ചു

**കൊച്ചി:** ഇരുപത്തി രണ്ടാമത് അന്താരാഷ്ട്ര റൈനോപ്ലാസ്റ്റി ശില്പശാലക്ക് എറണാകുളം സ്പെഷ്യലിസ്റ്റിസ് ആശുപത്രിയിൽ തുടക്കമായി. ദേശീയ, അന്തർദേശീയ തലത്തിൽ മുപ്പതോളം പ്ലാസ്റ്റിക് സർജൻമാർ പങ്കെടുക്കുന്ന പരിശീലന ശില്പശാലയുടെ ഔപചാരികമായ ഉൽഘാടനം, ഒആൺ മെഡിക്കൽ ട്രസ്റ്റ് മാനേജിങ് ട്രസ്റ്റീ ശ്രീമതി ഇഗ നളിനിയും, ഫൗണ്ടർ & ഡയറക്ടർ ഡോ. കെ. ആർ. രാജപ്പനും ചേർന്നു സംയുക്തമായി നിർവഹിച്ചു. ഫെബ്രുവരി 23 വെള്ളിയാഴ്ച മുതൽ 25 ഞായാഴ്ച വരെ മൂന്ന് ദിവസങ്ങളിലായാണ് ശിൽപ്പശാല നടക്കുന്നത്.പ്ലാസ്റ്റിക്, കോസ്മെറ്റിക്, മൈക്രോ & റീകൺസ്ട്രക്റ്റീവ് ശസ്ത്രക്രിയ വിഭാഗം മേധാവി ഡോ. ആർ. ജയകുമാർ, ലണ്ടണിൽ നിന്നുള്ള കോസ്മെറ്റിക് റൈനോപ്ലാസ്റ്റി വിദഗ്ധൻ ഡോ. എൻ. എ. നാസ്സർ, ശില്പശാലാ കോർഡിനേറ്ററും സീനിയർ കൺസൾട്ടൾട്ടന്റുമായ ഡോ. എം. സെന്തിൽ കുമാർ, സീനിയർ കൺസൾറ്റൻറ് ഡോ ആശ സിറിയക് എന്നിവർ സംസാരിച്ചു. കേരളത്തിലെ രണ്ടാമത്തെ സീനിയർ പ്ലാസ്റ്റിക് ശസ്ത്രക്രിയ വിദഗ്ദ്ധനായ ഡോ. കെ. ആർ. രാജപ്പന്റെ സാന്നിദ്ധ്യത്തിൽ നടത്തപെടുന്ന ശില്പശാലക്കു സീനിയർ പ്ലാസ്റ്റിക് സർജൻ ഡോ. ആർ ജയകുമാറും ടീം അംഗങ്ങളുമാണ് നേതൃത്വം നൽകുന്നത്.ശില്പശാലയുടെ ഭാഗമായി ഇത്തവണ 6 പേർക്ക് മൂക്കിന്റെ സൗന്ദര്യം കൂട്ടുന്നതിനുള്ള ശസ്ത്രക്രിയ സൗജന്യമായി ചെയ്തുകൊടുക്കുമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

# ഐകൂ നിയോ 9 പ്രോ ഇന്ത്യയിൽ അവതരിപ്പിച്ചു




**കൊച്ചി:** ഐകൂ നിയോ സീരീസിൽ നിന്ന് മറ്റൊരു പവർ പാക്ക്ഡ് സ്മാർട്ട് ഫോൺ ആയ ഐകൂ നിയോ 9 പ്രോ ഇന്ത്യയിൽ അവതരിപ്പിച്ചു. 8 ജിബി, 256 ജിബി പതിപ്പിന് 34,999 രൂപയും (ഫലത്തിലുള്ള വില 37,999 രൂപ) 12 ജിബി 256 ജിബി പതിപ്പിന് 36,999 രൂപയും (ഫലത്തിലുള്ള വില 39,999 രൂപ), 2024 മാർച്ച് 21 മുതൽ 8ഏആ+128ഏആ വേരിയന്റ് 33,999 രൂപയ്ക്ക് (MO-P INR 35999) വിൽപ്പനയ്ക്ക് ലഭ്യമാകും. ക്യുവൽകോം സ്നാപ്ഡ്രാഗൻ 8 ജനറേഷൻ 2 പ്ലാറ്റ്ഫോമിലുള്ള ഐക്യൂ നിയോ 9 പ്രോ മുൻകൂർ ബുക്ക് ചെയ്ത ഉപഭോക്താക്കൾക്ക് , 2 വർഷത്തെ വാറന്റി, ആയിരം രൂപ അധിക കിഴിവ് ലഭിക്കുന്നതാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# അന്തരീക്ഷ താപനില ഉയരുന്നു ; ജാഗ്രതവേണമെന്ന് മുന്നറയിപ്പ്

കൊല്ലം: ജില്ലയിൽ അന്തരീക്ഷതാപം കൂടുതലായസാഹചര്യത്തിൽ എല്ലാവരും ജാഗ്രതപാലിക്കണമെന്ന് ആരോഗ്യവകുപ്പിന്റെ മുന്നറിയിപ്പ്. സൂര്യാഘാതത്തിന് സാധ്യതയുണ്ട്. ശുദ്ധമായ കുടിവെള്ളംമാത്രം ഉപയോഗിക്കാം. നിർജലീകരണസാധ്യതയുള്ളതിനാൽ ദാഹമില്ലാത്തപ്പോഴും വെള്ളംകുടിക്കാം. ഉയർന്ന ശരീരതാപം, വറ്റിവരണ്ട, ചുവന്ന്ചൂടായ ശരീരം, ശക്തമായതലവേദന, തലകറക്കം, മന്ദഗതിയിലുള്ള നാഡിമിടിപ്പ്, മാനസികാവസ്ഥയിലുള്ള മാറ്റങ്ങൾ തുടങ്ങിയവയും പിന്നാലെ അബോധാവസ്ഥയുമാണ് സൂര്യാഘാത ലക്ഷണങ്ങൾ, അനുഭവപ്പെടുന്നവർ വൈദ്യസഹായം തേടണം.

# പീഡാനുഭവവാര അവധിദിനങ്ങൾ നിഷേധിക്കപ്പെടരുത്;സീറോമലബാർസഭ ചീഫ് സെക്രട്ടറിക്ക് കത്തുനൽകി

**കാക്കനാട്:** ക്രൈസ്തവ സമൂഹത്തെ സംബന്ധിച്ച് അതീവ പ്രാധാന്യമുള്ള പീഡാനുഭവവാരം മാർച്ച് 24 മുതൽ 31 വരെ ആചരിക്കുകയാണ്. ഓശാന ഞായർ (24/03/2024), പെസഹാ വ്യാഴം (28/03/2024), ദുഃഖവെള്ളി (29/03/2024), ഈസ്റ്റർ (31/03/2024) ദിവസങ്ങളാണ് ഏറ്റവും പ്രധാനമായി ആചരിക്കുന്നത്. ആ ദിവസങ്ങളിൽ ക്രൈസ്തവർ പള്ളികളിലും മറ്റു തീർത്ഥാടനകേന്ദ്രങ്ങളിലും പ്രത്യേക ആരാധനാകർമ്മങ്ങളിൽ പങ്കെടുക്കുകയും കുടുംബാംഗങ്ങളോടൊപ്പം ആയിരിക്കുകയും ചെയ്യുന്ന അവസരങ്ങളാണ്.ഈ വർഷത്തെ പൊതുഅവധികളുടെ പട്ടികയിൽ ഇവ ഉൾപെടുത്തിയിട്ടുണ്ടെങ്കിലും സാമ്പത്തികവർഷം അവസാനിക്കുന്നത് പ്രമാണിച്ച് പ്രസ്തുത അവധികൾ നിഷേധിക്കുന്ന നടപടികൾ ഉണ്ടായേക്കുമെന്ന ആശങ്ക ക്രൈസ്തവ സമൂഹത്തിൽ ഉയരുന്നുണ്ട്. മുൻ വർഷങ്ങളിലെ ദുരനുഭവങ്ങൾ ഈ ആശങ്ക ബലപ്പെടുത്തുന്നു. ഈ സാഹചര്യത്തിലാണ് സാമ്പത്തികവർഷ സമാപനം പ്രമാണിച്ച് വിവിധ സർക്കാർ വകുപ്പുകളിലും, ട്രഷറി, ബാങ്കിംഗ്, ധനകാര്യസ്ഥാപനങ്ങളിലും പൊതുഅവധികൾ ഇല്ലാതാക്കുന്ന സാഹചര്യം ഉണ്ടാകരുത് എന്നും തീർത്തും ഒഴിവാക്കാൻ വയ്യാത്ത സാഹചര്യങ്ങൾ ഉണ്ടായാൽ ക്രിസ്ത്യൻ മതവിശ്വാസികളായ ഉദ്യോഗസ്ഥർക്ക് പൂർണമായ ഒഴിവ് നൽകിക്കൊണ്ട് മാത്രമേ അത്തരം ഉത്തരവുകൾ/സർക്കുലറുകൾ പുറപ്പെടുവിക്കാവൂ എന്നും ആവശ്യപ്പെട്ട് സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് സംസ്ഥാന ചീഫ് സെക്രട്ടറിക്ക് കത്തുനൽകിയിരിക്കുന്നത്.

